(എ) മനുഷ്യരുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന തരത്തിലുള്ള ശബ്ദമലിനീകരണം തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പരിസ്ഥിതി നിയമത്തിൻകീഴിൽ 1989-ലെ വിജ്ഞാപന പ്രകാരം അന്തരീക്ഷത്തിൽ അനുവദിക്കാവുന്ന ശബ്ദത്തിന് കേന്ദ്രസർക്കാർ പരിധി നിശ്ചയിച്ചിട്ടുണ്ട്. വ്യവസായങ്ങളിൽ നിന്നുള്ള ശബ്ദം നിയന്ത്രിക്കുന്നതിന്റെ ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും, പടക്കങ്ങൾ നിമിത്തമുള്ള ശബ്ദമലിനീകരണ നിയന്ത്രണച്ചുമതല കേന്ദ്രസർക്കാരിലെ എക്സ്പ്ലോസീവ് വകുപ്പിനും, ഉച്ചഭാഷിണി മൂലമുള്ള ശബ്ദമലിനീകരണ നിയന്ത്രണച്ചുമതല പോലീസ് വകുപ്പിനും, മോട്ടോർ വാഹനങ്ങളിൽനിന്നുള്ള ശബ്ദം നിയന്ത്രിക്കാനുള്ള ചുമതല മോട്ടോർ വാഹന വകുപ്പിനുമാണ്.

ശബ്ദമലിനീകരണ സാദ്ധ്യതയുള്ള വ്യവസായങ്ങൾക്ക് വായുനിയമപ്രകാരമുള്ള അനുമതിപത്രം നൽകുമ്പോൾ ബോർഡ് ശബ്ദവ്യാപനം കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങളും, ശബ്ദപരിധിയും നിഷ്കർഷിക്കുകയും, അവ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ശബ്ദമലിനീകരണം മൂലമുള്ള പരാതികൾ ലഭിക്കുമ്പോൾ പരിസ്ഥിതി നിയമപ്രകരാം നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലായി ശബ്ദം നിയന്ത്രിക്കാൻ വേണ്ട നടപടികളും ബോർഡ് സ്വീകരിച്ചുവരുന്നു.

159 (1763) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ ഒഴിവുണ്ടോ; എങ്കിൽ എത്ര ഒഴിവുകളുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും വ്യക്തമാക്കുമോ;

(ഡി) ഒഴിവുണ്ടെങ്കിൽ അവ ഇതിനകം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) ഒഴിവുകൾ അടിയന്തിരമായി പി.എസ്.സിക്കു റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ജില്ലാ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ,

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് എന്നീ ജില്ലകളിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച ലിസ്റ്റ് നിലവിലുണ്ട്. മറ്റു ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് പ്രകാരമുള്ള എല്ലാ ആളുകളേയും നിയമിച്ചു കഴിഞ്ഞു.

(ബി) കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 2002 സെപ്റ്റംബർ വരെയുണ്ട്. മറ്റ് ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് പ്രകാരമുള്ള മുഴുവനാളുകളേയും നിയമിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	12
പത്തനംതിട്ട	-	6 (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
കോട്ടയം	-	17
ആലപ്പുഴ	-	ഇല്ല
ഇടുക്കി	-	4
എറണാകുളം	-	24 (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)
തൃശ്ശൂർ	-	5
പാലക്കാട്	-	75
മലപ്പുറം	-	88
കോഴിക്കോട്	-	83
വയനാട്	-	40
കണ്ണൂർ	-	94
കാസർഗോഡ്	-	83

(ഡി)-(എഫ്) ഒഴിവുകളെല്ലാം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

160 (1764) വികലാംഗർക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്

<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ആവശ്യത്തിനാണ് വികലാംഗർക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ആവശ്യമുള്ളത്;

(ബി) ജില്ലാ ആശുപത്രികളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ ബോർഡിലെ ഡോക്ടർമാർ കഴിഞ്ഞ രണ്ട് മാസമായി വികലാംഗർക്ക് സർട്ടിഫിക്കറ്റുകൾ നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വികലാംഗർ നേരിടുന്ന ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കുവാൻ പകരം സംവിധാനത്തിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly